# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.169 22.03.2012 ൽ മറുപടിക്ക്**

**നദീസംയോജനവും പരിസ്ഥിതിയും**

**ചോദ്യം**
ശ്രീ. ജി.എസ്.ജയലാൽ:
ശ്രീ.സി.ദിവാകരൻ:
ശ്രീ.ചിറ്റയം ഗോപകുമാർ:
ശ്രീ.ഇ.കെ.വിജയൻ:

**മറുപടി**
ശ്രീ.ഉമ്മൻ ചാണ്ടി
(ബഹു.മുഖ്യമന്ത്രി)

| | |
|---|---|
| (എ) നദീ സംയോജനവുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിലുണ്ടായിരുന്ന കേസ്സിൻെറ നടത്തിപ്പിൽ കേരള സർക്കാർ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വീഴ്ച വന്നിട്ടില്ല |
| (ബി) 2011 ജനുവരിയിൽ കേരളത്തിനു വേണ്ടി സുപ്രീംകോടതിയിൽ ഹാജരായവർ ആരെല്ലാം; ഈ കേസ്സിന്റെ അന്തിമ വാദത്തിൽ ഹാജരായവർ ആരൊക്കെ ; | (ബി) 6/1/2011 ൽ സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകരായ ശ്രീ.ഹരീഷ് എൻ. സാൽവേ ശ്രീ.മോഹൻ വി.കട്ടാർക്കി, ശ്രീ.ജി.പ്രകാശ്, എന്നിവർ ഹാജരായിരുന്നു. 27/2/2012 ൽ കേരളത്തിന്റെ സ്റ്റാൻഡിംഗ് കൗൺസിലായ അഡ്വക്കേറ്റ് രമേശ് ബാബു എം.ആർ സുപ്രീംകോടതിയിൽ ഹാജരായിരുന്നു. |
| (സി) പടിഞ്ഞാറോട്ടൊഴുകി കടലിൽ പതിക്കുന്ന എത്ര നദികൾ സംസ്ഥാനത്തുണ്ട്; നദീ സംയോജനത്തിലൂടെ ഈ നദികളുടെ ദിശയിൽ എന്തെങ്കിലും മാറ്റം വരാൻ സാദ്ധ്യതയുണ്ടോ; | (സി) 41 നദികൾ. സംയോജനത്തോട് യോജിപ്പില്ല. |
| (ഡി) നദീ സംയോജനം നടപ്പായാൽ പ്രസ്തുത പ്രദേശങ്ങളുടെ | (ഡി) ഉണ്ട്. പമ്പ -അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിൽ |

| | |
|---|---|
| പാരിസ്ഥിതിക സന്തുലിതാവസ്ഥയും ആവാസ വ്യവസ്ഥയും തകരാൻ സാദ്ധ്യതയുണ്ടോ; ഇതു സംബന്ധിച്ച ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റെ പഠന റിപ്പോർട്ട് എന്താണെന്ന് വിശദമാക്കുമോ? | വന്നാൽ പമ്പയും അച്ചൻകോവിലാറും വറ്റി വരളുകയും, മദ്ധ്യതിരുവിതാം കൂറിന്റെ പരിസ്ഥിതി സന്തുലനം തകരാറിലാവുകയും ചെയ്യും എന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിൽ വന്നാൽ കേരളത്തിന്റെ നിബിഡ വനവും, തേക്കിൻ തോട്ടവും കൃഷി സ്ഥലങ്ങളുമുൾപ്പെടെ 2004 ഹെക്ടർ സ്ഥലം ജലത്തിനടിയിലാകുമെന്നും, പമ്പ-അച്ചൻകോവിൽ നദികളിലെ ജലം തിരിച്ചുവിടുന്നതുമൂലം പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ പരിസ്ഥിതി പ്രത്യാഘാതം ഉണ്ടാവുകയും കുടിവെള്ള ക്ഷാമം നേരിടുകയും ചെയ്യും എന്ന് ഇതു സംബന്ധിച്ച് നടന്ന പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. വേമ്പനാട് കായലിൽ പതിക്കുന്ന ഈ നദികളിലെ നീരൊഴുക്കു കുറയുന്നതു കായലിൽ ഓരു വെള്ളം കയറാൻ ഇടയാവുകയും കേരളത്തിന്റെ നെല്ലറയായ കുട്ടനാടിലെ കൃഷി നാശത്തിനു വഴിതെളിക്കുകയും, ലക്ഷക്കണക്കിനു വരുന്ന ശബരിമല തീർത്ഥാടകരെയും, പമ്പാ നദീതീരത്ത് നടക്കുന്ന മാരാമൺ കൺവെൻഷനെയും ചെറുകോൽപുഴ ഹിന്ദുമത കൺവെൻഷനേയും പമ്പയിലെ ജല ദൗർലഭ്യം ബാധിക്കും. |

സെക്ഷൻ ഓഫീസർ